"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - ജീവനകാര്യം - ശ്രീമതി.ഹിമ.എസ്.എച്ച്., ജൂനിയർ അസിസ്റ്റന്റ്, Foam Mattings India Ltd-ന്റെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് എൻവയോൺമെന്റൽ സയന്റിസ്റ്റ് തസ്തികയിലുള്ള അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.60/2024/ENVT തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം

1. 10.05.2013 ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 28.11.2013 ലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്.
3. 18.06.2021 ലെ സ.ഉ.(സാധാ) നം. 43/2021/പരി നം. ഉത്തരവ്.
4. 23.08.32022 ലെ സ.ഉ.(സാധാ) നം. 64/2022/പരി നം. ഉത്തരവ്.
5. 05.09.2023 ലെ സ.ഉ.(സാധാ) നം. 66/2023/പരി നം. ഉത്തരവ്.
6. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചെയർമാന്റെ 08.07.2024 തീയതിയിലെ കെ.എസ്.പി.സി.ബി./798/2023-എ.ഒ നമ്പർ കത്ത്.
7. 26.06.2024 ലെ FMIL/PER-09.2019 നം. പ്രകാരമുള്ള ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ലഭ്യമാക്കിയ നിരാക്ഷേപ പത്രം

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ പരാമർശം (3) പ്രകാരം അസിസ്റ്റന്റ് എൻവയോൺമെന്റൽ സയന്റിസ്റ്റ് തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീമതി.ഹിമ.എസ്.എച്ച്., ജൂനിയർ അസിസ്റ്റന്റ്, Foam Mattings India Ltd-ന്റെ അന്യത്ര സേവന കാലാവധി 06.07.2024 ൽ അവസാനിക്കുകയും, തുടർന്ന് ടിയാരിയുടെ അന്യത്രസേവന കാലാവധി 07.07.2024-ന് മുതൽ വീണ്ടും ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി. ടിയാളുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിൽ എതിർപ്പില്ലെന്നറിയിച്ചുകൊണ്ടു ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് പരാമർശം (7) പ്രകാരം നിരാക്ഷേപ പത്രം ലഭ്യമാക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് എൻവയോൺമെന്റൽ സയന്റിസ്റ്റ് തസ്തികയിൽ Foam Mattings India Ltd ലെ ജൂനിയർ അസിസ്റ്റന്റായ ശ്രീമതി.ഹിമ.എസ്.എച്ച്-ന്റെ അന്യത്ര സേവനകാലാവധി പരാമർശം (1)ലെയും (2)ലെയും അന്യത്ര സേവന വ്യവസ്ഥകൾ

സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി 07.07.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീമതി.ഹിമ.എസ്.എച്ച്-ന് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാരി അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
2. മാനേജിംങ് ഡയറക്ടർ, Foam Mattings India Ltd, ആലപ്പുഴ.
3. ശ്രീമതി.ഹിമ.എസ്.എച്ച്., ജൂനിയർ അസിസ്റ്റന്റ്, Foam Mattings India Ltd (മാനേജിംങ് ഡയറക്ടർ, Foam Mattings India Ltd, ആലപ്പുഴ മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/157/2024-ENVT).

ഉത്തരവിൻ പ്രകാരം

Signed by
Dhanya Sadasivan
Date: 02-08-2024 10:59:58

സെക്ഷൻ ഓഫീസർ